"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - 2023-24 സാമ്പത്തിക വർഷം വിമുക്തഭടന്മാർക്കും വിധവകൾക്കും അവരുടെ ആശ്രിതർക്കും പുനരധിവാസ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 40 ലക്ഷം രൂപയിൽ 35,34,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സൈനിക ക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.45/2023/SWD തീയതി,തിരുവനന്തപുരം, 23-08-2023

---

പരാമർശം:- 1. സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 31.05.2023 , 24.06.2023 എന്നീ തീയതികളിലെ DSW/561/2022-D3 നമ്പർ കത്തുകൾ.

2. 24.07.2023-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

1. 2023-24 സാമ്പത്തിക വർഷം വിമുക്തഭടന്മാർക്കും വിധവകൾക്കും അവരുടെ ആശ്രിതർക്കും പുനരധിവാസ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപയിൽ 39,26,655/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം 1 പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. 24.07.2023- ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും വിവിധ ജില്ലകളിൽ പുനരധിവാസ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 35,34,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിന് തീരുമാനിക്കുകയും മുൻവർഷങ്ങളിലെ ബാധ്യതയായി റിപ്പോർട്ട് ചെയ്തിട്ടുള്ള 3,92,655/- രൂപയ്ക്ക് സാധൂകരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ വിമുക്തഭടന്മാർക്കും വിധവകൾക്കും അവരുടെ ആശ്രിതർക്കും പുനരധിവാസ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം

"2235-60-200-77 (പ്ലാൻ)" ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപയിൽ 35,34,000/- (മുപ്പത്തിഅഞ്ച് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

4. ഇപ്രകാരം തുക ചെലവഴിക്കുമ്പോൾ എല്ലാ ചട്ടങ്ങളും നടപടിക്രമങ്ങളും സർക്കാരിൽ നിന്നും ഈ വിഷയത്തിലുള്ള നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് സൈനിക ക്ഷേമ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

പരിശീലനപരിപാടികൾ നടത്തിയ വകയിൽ മുൻവർഷങ്ങളിലെ ബാധ്യതയായി റിപ്പോർട്ട് ചെയ്തിട്ടുള്ള 3,92,655/- രൂപയ്ക്ക് സാധൂകരണം നൽകുന്നതുള്ള പ്രൊപ്പോസൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (വ്യയം-ഡി) വകുപ്പ്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-08-2023 16:28:30

**അനുബന്ധം**

| ക്രമ നം. | ജില്ല | ചെലവ് ഇനം /കോഴ്സിന്റെ നാമാവലി (നോമൻക്ലേച്ചർ) | കോഴ്സിന്റെ കാലാവധി | സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ സ്റ്റാറ്റസ് | ഗുണഭോക്താക്കളുടെ എണ്ണം | ഫീസ് നിരക്ക് രൂപയിൽ In Rs. | പ്രതീക്ഷിക്കുന്ന ചെലവ് രൂപയിൽ In Rs. | മൊത്തം Without GST |
|---|---|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | Diploma in Computer Application | 6 മാസം | സി-ഡിറ്റ്, തിരുവനന്തപുരം. | സർക്കാർ അംഗീകൃതം | 20 | 7,000/- | 1,40,000/- | 3,40,000/- |
| 2. | തിരുവനന്തപുരം | Certificate course in Fire & Safety and Electronics Security Management System | 3 മാസം | കെൽട്രോൺ, തിരുവനന്തപുരം | സർക്കാർ അംഗീകൃതം | 10 | 20,000/- | 2,00,000/- | |
| 3. | കൊല്ലം | Certificate course in Desktop Publishing (DTP) | 3 മാസം | കെൽട്രോൺ, കൊല്ലം | സർക്കാർ അംഗീകൃതം | 10 | 5,000/- | 50,000/- | 2,00,000/- |
| 4. | കൊല്ലം | Certificate course in Fire & Safety | 3 മാസം | കെൽട്രോൺ, കൊല്ലം | സർക്കാർ അംഗീകൃതം | 10 | 15,000/- | 1,50,000/- | |
| 5. | പത്തനംതിട്ട | Diploma in Computer Application (DCA PSC approved) | 6 മാസം | കെൽട്രോൺ, അടൂർ, പത്തനംതിട്ട | സർക്കാർ അംഗീകൃതം | 10 | 8,000/- | 80,000/- | 1,80,000/- |
| 6. | പത്തനംതിട്ട | Certificate course in Electronics Security & Surveilance (CCTV, Burgler Alarm & Access Control System) | 3 മാസം | കെൽട്രോൺ, അടൂർ | സർക്കാർ അംഗീകൃതം | 5 | 20,000/- | 1,00,000/- | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7. | ആലപ്പുഴ | Data Entry & Office Automation (English & Malayalam course) | 120 hrs | എൽ.ബി.എസ്. സെന്റർ, ആലപ്പുഴ | സർക്കാർ അംഗീകൃതം | 10 | 5,000/- | 50,000/- | |
| 8. | കോട്ടയം | Computerised Financial Accounting (Tally & MS Office) | 3 മാസം | കെൽട്രോൺ, കോട്ടയം | സർക്കാർ സ്ഥാപനം | 3 | 6,000/- | 18,000/- | 30,000/- |
| 9. | കോട്ടയം | Certificate course in Word Processing & Data Entry | 3 മാസം | കെൽട്രോൺ, കോട്ടയം | സർക്കാർ സ്ഥാപനം | 3 | 4,000/- | 12,000/- | |
| 10. | എറണാകുളം | Certificate course in Fire & Safety and Electronics Security System Management | 3 മാസം | കെൽട്രോൺ, എറണാകുളം | സർക്കാർ സ്ഥാപനം | 10 | 20,000/- | 2,00,000/- | 2,00,000/- |
| 11. | തൃശ്ശൂർ | Diploma in Computer Application | 6 മാസം | കെൽട്രോൺ, തൃശ്ശൂർ | സർക്കാർ അംഗീകൃതം | 6 | 8,000/- | 48,000/- | 84,000/- |
| 12. | തൃശ്ശൂർ | Computerised Financial Accounting (Tally & MS Office) | 3 മാസം | കെൽട്രോൺ, തൃശ്ശൂർ | സർക്കാർ അംഗീകൃതം | 6 | 6,000/- | 36,000/- | |
| 13. | പാലക്കാട് | Computerised Financial Accounting (Tally & MS Office) | 3 മാസം | കെൽട്രോൺ, പാലക്കാട് | സർക്കാർ സ്ഥാപനം | 5 | 6,000/- | 30,000/- | 50,000/- |
| 14. | പാലക്കാട് | Certificate course in Word Processing & Data Entry | 3 മാസം | കെൽട്രോൺ, പാലക്കാട് | സർക്കാർ സ്ഥാപനം | 5 | 4,000/- | 20,000/- | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 15. | മലപ്പുറം | Certificate course in Word Processing & Data Entry | 3 മാസം | കെൽട്രോൺ, എടപ്പാൾ | സർക്കാർ അംഗീകൃതം | 10 | 4,000/- | 40,000/- | 40,000/- |
| 16. | കോഴിക്കോട് | Certificate course in Fire & Safety | 3 മാസം | കെൽട്രോൺ, കോഴിക്കോട് | സർക്കാർ അംഗീകൃതം | 15 | 15,000/- | 2,25,000/- | 2,75,000/- |
| 17. | കോഴിക്കോട് | Data Entry & Office Automation (English & Malayalam) | 4 മാസം | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി | സർക്കാർ അംഗീകൃതം | 10 | 5,000/- | 50,000/- | |
| 18. | വയനാട് | Certificate Course in Digital Illustration Image Editing | 2.5 മാസം | കെൽട്രോൺ, ബത്തേരി | സർക്കാർ സ്ഥാപനം | 5 | 10,000/- | 50,000/- | 50,000/- |
| 19. | കണ്ണൂർ | Certificate Course in Fibre Optic Technology | 3 മാസം | കെൽട്രോൺ, കണ്ണൂർ | സർക്കാർ അംഗീകൃതം | 20 | 20,000/- | 4,00,000/- | 7,60,000/- |
| 20. | കണ്ണൂർ | Professional Diploma Course in Mobile Technology | 3 മാസം | കെൽട്രോൺ, കണ്ണൂർ | സർക്കാർ അംഗീകൃതം | 20 | 18,000/- | 3,60,000/- | |
| 21. | കാസർഗോഡ് | Data Entry & Office Automation (English & Malayalam) | 3.5 മാസം | എൽ.ബി.എസ്. സെന്റർ, കാഞ്ഞങ്ങാട് | സർക്കാർ അംഗീകൃതം | 15 | 5,000/- | 75,000/- | 75,000/- |
| 22. | സൈനിക ക്ഷേമ ഡയറക്ടറേറ്റ് | Data Analytics | 6 മാസം | ഐ.സി.ടി. അക്കാഡമി ഓഫ് കേരള, ടെക്നോപാർക്ക്, തിരുവന | സർക്കാർ അംഗീകൃതം | 20 | 30,000/- | 6,00,000/- | 12,00,000/- |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | ന്തപുരം | | | | | |
| 23 | സൈനിക ക്ഷേമ ഡയറക്ടറേറ്റ് | Graphic Designing & Vedio Editing | 6 മാസം | ഐ.സി.ടി. അക്കാഡമി ഓഫ് കേരള, ടെക്നോപാർക്ക്, തിരുവനന്തപുരം | സർക്കാർ അംഗീകൃതം | 20 | 30,000/- | 6,00,000/- | |
| **Total (Rupees Thirty Five Lakhs Thirty Four Thousand only)** | | | | | | | | | **35,34,000/-** |